(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ബി. എഡ്. വിദ്യാർത്ഥികളുടെ ഫീസ് യൂണിവേഴ്സിറ്റിക്ക് നൽകാൻ കാലതാമസം

110 [2275] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ 2004-05-ൽ ഫീസ് കൃത്യ സമയത്ത് നൽകാത്തതുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ബി. എഡ്. വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിവേഴ്സിറ്റികളാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഓരോ യൂണിവേഴ്സിറ്റിയിലും 2004-05-ൽ എത്ര വിദ്യാർത്ഥികളാണ് പഠിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികളുടെ ബി. എഡ്. പരീക്ഷാഫലമാണ് കോഴിക്കോട് യൂണിവേഴ്സിറ്റി തടഞ്ഞു വെച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് യൂണിവേഴ്സിറ്റിക്ക് ഫീസ് നൽകുന്നതിലുണ്ടായ കാലതാമസം മൂലമാണ് ബി. എഡ്. പരീക്ഷാഫലം തടഞ്ഞു വച്ചിരിക്കുന്നതെന്നറിയാമോ;

(ഇ) എങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ ബി. എഡ് സെന്ററിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു:

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി	..	26
കാലിക്കറ്റ് യൂണിവേഴ്സിറ്റി	..	42
കേരളാ യൂണിവേഴ്സിറ്റി	..	6
കണ്ണൂർ യൂണിവേഴ്സിറ്റി	..	8
ആകെ		82

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പ്രവേശനം നേടിയ മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും വകുപ്പിൽ നിന്നുള്ള വിദ്യോദ്യോസാനുകൂല്യം നിലവിലുള്ള നിയമങ്ങൾ പ്രകാരം നൽകാൻ കഴിയാഞ്ഞത് മൂലമാണ് ഈ വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് യൂണിവേഴ്സിറ്റിക്ക് യഥാസമയം നൽകാൻ കഴിയാതെ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് കേന്ദ്രവിഹിതം

111 [2276] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും വിഹിതം എത്ര കോടി രൂപ വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുകയുടെ ചെലവ് ഇനം തിരിച്ച് (ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയവ) വ്യക്തമാക്കാമോ;

(ഡി) 2004-05 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പ്രത്യേക ധനസഹായ പദ്ധതിയിൽ എത്ര കോടി രൂപ ലാപ്സാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ കൂടാതെ 81.76 കോടി രൂപയുടേയും പട്ടികജാതി വിഭാഗത്തിന് 146.23 കോടി രൂപയുടെയും ആനുകൂല്യങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് 2004-05 വർഷം ആകെ ചെലവഴിച്ചതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം 14.80 കോടി രൂപയും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം 66.96 കോടി രൂപയുമാണ്. പട്ടികജാതി വികസന വകുപ്പിന്റെ കേന്ദ്ര വിഹിതം 8.5024 കോടി രൂപയും സംസ്ഥാന വിഹിതം 137.73 കോടി രൂപയുമാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

	(രൂപ കോടിയിൽ)
ഭൂമി (ആദിവാസി പുനരധിവാസ വികസന മിഷൻ)	15.50
വീട്	0.04
ആരോഗ്യം	2.58
വിദ്യാഭ്യാസം	33.12
മറ്റു വികസന പ്രവർത്തനങ്ങൾ	30.52
ആകെ	81.76

പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly